**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 138** **22-02-2022 - ൽ മറുപടിയ്ക്ക്**

**പൗരത്വ നിയമ ഭേദഗതിക്കെതിരെ പ്രതിഷേധിച്ചവർക്കെതിരെയുള്ള കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൗരത്വ നിയമ ഭേദഗതിക്കെതിരെ പ്രതിഷേധിച്ചവർക്കെതിരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പൗരത്വ നിയമ ഭേദഗതി ബില്ലിനെതിരായി കേരളത്തിൽ നിയമാനുസൃതം പ്രതിഷേധിച്ചവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത നിയമത്തിനെതിരെ നടന്ന പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് അക്രമങ്ങൾ നടത്തിയവർക്കെതിരെ സംസ്ഥാനത്തൊട്ടാകെ 835 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | കേസുകൾ പിൻവലിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പുകൾ നൽകി ഒരു വർഷം പിന്നിട്ടിട്ടും ജനാധിപത്യ രീതിയിൽ പ്രതിഷേധിച്ച നൂറുകണക്കിനാളുകൾ ഇപ്പോഴും കോടതികൾ കയറിയിറങ്ങേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശബരിമല സ്ത്രീ പ്രവേശനത്തിനുള്ള സുപ്രീംകോടതി വിധിയെയും പൗരത്വ ഭേദഗതി നിയമം കൊണ്ട് വന്നതിനെയും തുടർന്ന് സംസ്ഥാനത്ത് നടന്ന വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ നിലവിലുള്ള സ്ഥിതി, സ്വഭാവം എന്നിവ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈം ബ്രാഞ്ച്) തിരുവനന്തപുരം റേഞ്ചിന്റെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേസുകൾ പിൻവലിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കേസുകൾ പിൻവലിക്കുന്ന കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ? | (സി) | 'ബി' യ്ക്കുള്ള അതേ മറുപടി |

സെക്ഷൻ ഓഫീസർ